## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1674 | 08.06.2018- ൽ മറുപടിയ്ക്ക്

## ഇന്റർനാഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ് സെന്റർ ഫോർ ബിലോ സീ ലെവൽ ഫാമിംഗ്

| ചോദ്യം<br>ശ്രീ.തോമസ് ചാണ്ടി | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) ഇന്റർനാഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ് സെന്റർ ഫോർ ബിലോ സീ ലെവൽ ഫാമിംഗ് എന്ന സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ ; | (എ) ഐക്യ രാഷ്ട്ര സംഘടന കുട്ടനാട് ഉൾപ്പെടുന്ന കേരളത്തിന്റെ തീരദേശ മേഖലയെ 2012-ൽ ആഗോള കാർഷിക പൈതൃക മേഖലയായി (GIAHS) പ്രഖ്യാപിച്ചിട്ടുണ്ട്. കാലാവസ്ഥ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ കുട്ടനാട്ടിലെ അതിസാഹസികരായ പരമ്പരാഗത കർഷകർ രൂപപ്പെടുത്തിയ സമുദ്ര നിരപ്പിനടിയിലെ കായൽ കൃഷിയും ജൈവ വൈവിധ്യവും ആഗോള ശ്രദ്ധനേടിയിട്ടുള്ള പശ്ചാത്തലത്തിലാണ് കാലാവസ്ഥ വ്യതിയാനത്തെ അതിജീവിക്കുന്നതിന് ഉതകുന്ന കൃഷി രീതികളും, ജീവന രീതികളും ആവിഷ്ക്കരിച്ച് പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി 2015-ൽ സംസ്ഥാന സർക്കാർ കൃഷി വകുപ്പിന്റെ കീഴിൽ അന്തർദേശീയ കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രം (IRTCBSF) കുട്ടനാട്ടിൽ ആരംഭിച്ചിട്ടുള്ളത്. കാലാവസ്ഥ മാറ്റത്തെ അതിജീവിക്കാനുതകുന്ന വിവിധ വിളകളുടേയും അനുരോധകൃഷി രീതികളുടേയും പ്രചാരണം, ജൈവ തദ്ദേശീയ വൈവിധ്യസംരക്ഷണത്തിലൂന്നിയ വൈവിധ്യവൽക്കൃത സംയോജിത കൃഷിയുടെ പ്രചാരണം, കായൽ കൃഷി പരിസ്ഥിതി പര്യവേഷണം തുടങ്ങിയ പ്രധാന പദ്ധതികളാണ് ഈ കേന്ദ്രം ഏറ്റെടുത്തിട്ടുള്ളത്.<br><br>പ്രസ്തുതസ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

| | |
|---|---|
| (ബി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഇതിന്റെ ഒരു ശാഖ കുട്ടനാട്ടിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) കായൽ കൃഷി ഗവേഷണ പരിശീലന കേന്ദ്രം (IRTCBSF) ഇപ്പോൾ തോട്ടപ്പള്ളി സ്പിൽവേയ്ക്ക് അടുത്താണ് പ്രവർത്തിച്ചു വരുന്നത്. സ്ഥാപനത്തിന്റെ പ്രവർത്തനം കുട്ടനാടിന്റെ മുഴുവൻ മേഖലകളെയും തീര പ്രദേശങ്ങളേയും കേന്ദ്രീകരിച്ചാണ് നടത്തുന്നത്. പ്രസ്തുത കേന്ദ്രത്തിന് ആസ്ഥാന സൗകര്യങ്ങൾക്കായി പുറക്കാട് കരിനില മേഖലയിൽപ്പെട്ട സ്മൃതിവനം ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്. ഇത് കൂടാതെ അനുയോജ്യമായ സ്ഥലവും സൗകര്യങ്ങളും കുട്ടനാട്ടിന്റെ ഇതര മേഖലയിൽ ലഭ്യമാണെങ്കിൽ സ്ഥാപനത്തിന്റെ പ്രവർത്തനം അവിടം കേന്ദ്രീകരിച്ചും നടത്താവുന്നതാണ്. |

Sreelathan

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

1. കാലാവസ്ഥ വ്യതിയാന കാലത്തെ അനുരോധകൃഷി (adaptive farming) രീതികൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി മൂന്ന് പരീക്ഷണ കൃഷി പ്രൊജക്ടുകൾ പ്രധാനമായി ഈ കേന്ദ്രം ഏറ്റെടുത്തിട്ടുള്ളത്.

**a) ഫ്ലോട്ടിംഗ് റാഫ്റ്റ് അഗ്രികൾച്ചർ- കുട്ടനാടൻ കായൽ മേഖലകളിലും ഉറസ്സായ ജലാശയങ്ങളിലും തിങ്ങി വളരുന്ന കുളവാഴ വിനിയോഗിച്ചുള്ള ഫ്ലോട്ടിംഗ് റാഫ്റ്റ് കൃഷി.**

തീരദേശ മേഖലകളിൽ ഒരുതീരാശാപമായിട്ടുള്ള കളവഴയും, ഇതര ജലകളകളും മുളച്ചങ്ങാടങ്ങളിൽ പലതട്ടുകളായി വാരി നിറച്ച് തടങ്ങളാക്കി പച്ചക്കറി കൃഷിയ്ക്ക് വിനിയോഗിക്കുന്ന കൃഷി രീതിയാണിത്.

**b)വലക്കൂട്ടകളിലെ മീൻകൃഷി.**

ജലാശങ്ങൾ വൃത്തിയാക്കി പായൽ ചങ്ങാടങ്ങലിൽ പച്ചക്കറിയും ജലാശയങ്ങളിൽ അധിക വരുമാനത്തിന് കൂട്ട മൽസ്യ കൃഷിയും സംയോജിപ്പിക്കുന്ന ഒരു പ്രോജക്റ്റ് 2017-2018 വർഷം മുതൽ ആലപ്പുഴ ചേർത്തല കനാലിൽ IRTCBSF- നടപ്പിലാക്കി വരുന്നു.

**c)കുളവാഴ- പോള മത്സ്യ തീറ്റയ്ക്ക്**

ജലാശയങ്ങളിൽ തിങ്ങി വളരുന്ന ജലകളകൾ കാര്യക്ഷമമായി 'ഗ്രാസ് കാർപ്പ്' പോലുള്ള മത്സ്യങ്ങൾക്ക് ആഹാരമായി മാറ്റുന്ന ഒരു പദ്ധതിയാണിത്.

2. **തീരദേശ മേഖലകളിലെ പരിസ്ഥിതി പര്യവേഷണ പദ്ധതി**.

കാലാവസ്ഥാ വ്യതിയാനത്തിന്റേയും കടൽ നിരപ്പ് മാറ്റങ്ങളുടേയും പശ്ചാത്തലത്തിൽ തീരപ്രദേശങ്ങളിൽ ഭൂഗർഭ ജല സ്രോതസ്സുകളിലേയും , ഉപരിതല ജല സ്രോതസ്സുകളിലേയും ഓരു കയറ്റവും ഇതര പരിസ്ഥിതി സാഹചര്യങ്ങളും വിലയിരുത്തുന്ന ദീർഘ കാല പദ്ധതിയാണിത്. ജലത്തിന്റെ ലവണത്വം, കഠിനത , അമ്ല ക്ഷാര ഗുണത, ഫോസ് ഫേറ്റ് , സൾഫേറ്റ് , ഇരുമ്പ്, നൈട്രേറ്റ് , PH മൂല്യം, ഊഷ്മാവ്, കാർബൺ ഉൽപ്പാദന ക്ഷമത, മണ്ണിന്റെ കാർബൺ ശേഷി എന്നിവ പരിശോധിച്ച് വിലയിരുത്തുന്ന പ്രധാന പദ്ധതിയാണിത്.

3. **നെൽപ്പാടങ്ങളിൽ വൈവിധ്യവൽകൃത മാതൃക സംയോജിത കൃഷി**

ഹരിത ഗൃഹവാതകങ്ങളുടെ ഉദ്ഗമനം പരമാവധി കുറയ്ക്കുന്ന സംയോജിത കൃഷി വഴി നെൽകൃഷി മേഖലകളിൽ വരുമാന വർദ്ധനവ് ഉറപ്പാക്കുന്ന പദ്ധതിയാണിത്. ഉയർന്ന ഉൽപ്പാദനക്ഷമത , വർദ്ധിച്ച വരുമാനം വൈവിദ്ധ്യം പുനചാക്രീകരണം എന്നിവയാണ് വൈവിദ്യവൽകൃത കൃഷിയുടെ മുഖമുദ്ര.

4. **അടുക്കള മാലിന്യം ടാങ്ക് മത്സ്യ കൃഷിയും, ജൈവ പച്ചക്കറിയും.**

അടുക്കളമാലിന്യങ്ങളും ഭക്ഷ്യമാലിന്യങ്ങളും ഉറവിടത്തിൽ തന്നെ കാര്യമായി

ഉപയോഗപ്പെടുത്താനുള്ള ഒരു വേഗ വഴിയാണ് ചെറു ടാങ്കുകളിലെ അക്വാപോണിക്സും , പച്ചക്കറി കൃഷിയും. മാലിന്യവിനിയോഗം ആധായകരവും, ആഹ്ലാദകരവും ആക്കുന്നതിനൊപ്പം സുരക്ഷിതമായി മീനും പച്ചക്കറികളും വീട്ടുമുറ്റത്തു തന്നെ ഉൽപ്പാദിപ്പിക്കാനുതകുന്ന പദ്ധതിയാണിത്.

5. **<u>കാർഷിക കലണ്ടർ ആവിഷ്കരിച്ച് തണ്ണീർമുക്കം ബണ്ടിന്റെ പ്രവർത്തനം ഏകോപനം.</u>**

പരിസ്ഥിതി വകുപ്പിന്റെ ധന സഹായത്തിൽ വേമ്പനാട് കായലിന്റെ പരിസ്ഥിതി പുനസ്ഥാപനവുമായി ബന്ധപ്പെട്ട് തണ്ണീർമുക്കം ബണ്ടിന്റെ പ്രവർത്തനങ്ങൾ ഉണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പരിഹാരമായി കാർഷിക കലണ്ടർ ആവിഷ്കരിച്ച് കൃഷി ആസൂത്രണം ചെയ്യുന്നതിനും അതുവഴി ബണ്ട് അടച്ചിടുന്ന കാലാവധി പരമാവധി ചുരുക്കുന്നതിനും പരീക്ഷണാടിസ്ഥാനത്തിൽ ബണ്ട് ഒരു വർഷത്തേയ്ക്ക് പൂർണ്ണമായും തുറന്നിടുന്നത് സംബന്ധിച്ചും ഒരു പഠനം ഈ കേന്ദ്രം ഏറ്റെടുത്തിട്ടുണ്ട്.

6. **<u>കുട്ടനാടൻ ജലാശയങ്ങളിലെ കളവാഴ നിയന്ത്രണം സംബന്ധിച്ച് പദ്ധതി.</u>**

കുട്ടനാടൻ ജലാശയങ്ങളിലെ വർദ്ധിച്ചു വരുന്ന ജൈവ മലിനീകരണം മൂലം തീരാശാപമായി മാറിയിട്ടുള്ള കളവാഴ നിയന്ത്രണം സംബന്ധിച്ച് 97.24 കോടി അടങ്കലുള്ളതും വിവിധ ഗവേഷണ വികസന സ്ഥാപനങ്ങളെ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതുമായ ഒരു പദ്ധതി നിർദ്ദേശം ഈ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ